പുതുതായി പാലങ്ങളും റോഡുകളും നിർമ്മിക്കുന്നതിന് ലോകബാങ്കിൽ നിന്ന് കൂടുതൽ സഹായം

36 [5013] ശ്രീ. കെ. പി. രാജേന്ദ്രൻ:
„ പി. നാരായണൻ:
„ പി. എസ്. സുപാൽ:
„ എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പാലങ്ങളും റോഡുകളും നിർമ്മിക്കുന്നതിന് ലോകബാങ്കിൽനിന്ന് കൂടുതൽ സഹായം നേടിയെടുക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾക്കാണ് ലോകബാങ്കിന്റെ സഹായം തേടുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ പാലങ്ങൾക്കും റോഡുകൾക്കും ടോൾ ഏർപ്പെടുത്തണമെന്ന് ലോകബാങ്കിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(സി) വായ്പ തിരിച്ചടയ്ക്കുന്നതുമായി ബന്ധപ്പെട്ട് ധനസഹായം നൽകുന്ന ധനകാര്യ സ്ഥാപനങ്ങൾ എന്തൊക്കെ വ്യവസ്ഥകളാണ് മുന്നോട്ട് വെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 1600 കി. മീ. റോഡുകളുടെ വികസനത്തിനുവേണ്ടി, ലോകബാങ്ക് ധനസഹായത്തോടെ ഒരു പദ്ധതി (കെ.എസ്.ടി.പി.) ഇപ്പോൾ നടപ്പാക്കി വരുന്നുണ്ട്. ഈ പദ്ധതിയിൽപെടാത്ത റോഡുകളുടെ വികസനത്തിന് ലോകബാങ്ക് ധനസഹായത്തോടെ മറ്റൊരു പദ്ധതി (കെ.എസ്.ടി.പി.-2) നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(ബി) ഇല്ല.

(സി) ഇപ്പോൾ നടപ്പാക്കിവരുന്ന പദ്ധതിക്ക് (കെ.എസ്.ടി.പി.) ലോകബാങ്കിൽ നിന്നും വായ്പയായി ലഭിക്കുന്ന 1250 കോടി രൂപ 5 വർഷത്തെ മോറട്ടോറിയത്തിനു ശേഷം 8.5% പലിശ നിരക്കിൽ തിരിച്ചടയ്ക്കേണ്ടതുണ്ട്.

കെ.എസ്.ടി.പി. പണിയുടെ വ്യവസ്ഥകൾ

37 [5014] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. നടത്തുന്ന പണികളുടെ അറ്റകുറപണികൾ നടത്താൻ പണിചെയ്യുന്ന കരാറുകാർക്ക് ബാദ്ധ്യത ഉണ്ടാക്കുന്ന വ്യവസ്ഥകൾ കരാറിൽ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷത്തെ അറ്റകുറ്റപണികളാണ് ചെയ്യേണ്ടത് എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly